23/1/2018

# അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ പ്രധാന ശുപാർശകൾ

**ചെയർമാൻ ഡോ. ബി. എ. പ്രകാശ്**

**അംഗങ്ങൾ ശ്രീ. ജെയിംസ് വർഗീസ്, ഡോ. വി. കെ. ബേബി**

## I. നികുതി വിഭജന ശുപാർശകൾ

- സംസ്ഥാന സർക്കാരിന്റെ മൊത്തം തനതു നികുതി വരുമാനത്തിന്റെ (നികുതി പിരിവ് ചെലവ് കഴിച്ചുള്ള തുക) ഒരു വിഹിതമാണ് പ്രാദേശിക സർക്കാരുകൾക്ക് കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത്. ജനറൽ പർപ്പസ്, മെയിന്റനൻസ്, വികസന ഫണ്ട് എന്നിവ ഉൾപ്പെടുന്നതാണ് ഇത്. 2016-17ൽ തനതു നികുതി വരുമാനത്തിന്റെ 20 ശതമാനമാണ് ശുപാർശ ചെയ്തിട്ടുള്ളത്. തുടർന്നുള്ള ഓരോ വർഷവും ഓരോ ശതമാനം വീതം വർദ്ധിക്കും (പട്ടിക ഒന്ന്).

- അനിവാര്യ ചുമതലകൾ, ഭരണ ചെലവുകൾ എന്നിവ നിറവേറ്റാനുള്ള ജനറൽ പർപ്പസ് ഫണ്ട് തനത് നികുതി വരുമാനത്തിന്റെ 3.5 ശതമാനമാണ്.

- പ്രാദേശിക സർക്കാരുകളുടെയും കൈമാറ്റപ്പെട്ട സ്ഥാപനങ്ങളുടെയും ആസ്തികൾ (റോഡ്, നോൺ-റോഡ്), മെയിന്റനൻസ് ഫണ്ട്, 5.5 മുതൽ 6 ശതമാനമാണ്.

- വികസനത്തിന് (വാർഷിക പദ്ധതി) വേണ്ടിയുള്ള ഫണ്ട്, 11 മുതൽ 14.5 ശതമാനമാണ്.

- പ്രാദേശിക സർക്കാരുകൾക്ക് മൂന്നിനത്തിലുമായി അഞ്ചു വർഷത്തേക്ക് ശുപാർശ ചെയ്ത തുക പട്ടിക രണ്ടിൽ കൊടുത്തിട്ടുണ്ട്.

- അഞ്ചാം ധനകാര്യ കമ്മീഷൻ അതാതു വർഷത്തെ തനതു നികുതി വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രാദേശിക സർക്കാരുകളുടെ വിഹിതം ശുപാർശ ചെയ്തിട്ടുള്ളത്. എന്നാൽ നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ രണ്ടു വർഷം മുൻപുള്ള വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വിഹിതം നൽകിയിരുന്നത്.

- അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ വികസന ഫണ്ട് നൽകുന്നത് കേന്ദ്ര ധനകാര്യ കമ്മീഷൻ, പ്രാദേശിക സർക്കാരുകൾക്ക് നൽകുന്ന ഗ്രാന്റ് ഒഴിച്ചാണ്. എന്നാൽ നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ഇത് ചേർത്താണ് നൽകിയിരുന്നത്.

- കേരളത്തിലെ 1200 പ്രാദേശിക സർക്കാരുകൾക്ക് ഓരോ വർഷവും ഓരോ ഇനത്തിലും കമ്മീഷന്റെ ശുപാർശ അനുസരിച്ച് ലഭിയ്ക്കേണ്ട തുക റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

- ഓരോ പ്രാദേശിക സർക്കാരുകളുടെയും യഥാർത്ഥ ആസ്തിയുടെ (റോഡ്, നോൺ-റോഡ്) അടിസ്ഥാനത്തിലാണ് മെയിന്റനൻസ് ഫണ്ട് നിശ്ചയിച്ചിട്ടുള്ളത്. ഇതിന് വേണ്ടി യഥാർത്ഥ ആസ്തികളുടെ കണക്കെടുപ്പ് കമ്മീഷൻ നടത്തി.

- മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും അഭിമുഖീകരിയ്ക്കുന്ന പെൻഷൻ വിതരണ പ്രതിസന്ധി പരിഹരിയ്ക്കാൻ പ്രാദേശിക സർക്കാരുകളും, നഗരകാര്യ വകുപ്പും, ധനകാര്യ വകുപ്പും നടപ്പിലാക്കേണ്ട നടപടികൾ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

- എസ്.സി.പി, റ്റി.എസ്.പി, ജനറൽ ഫണ്ട് എന്നിവ ഉൾപ്പെട്ടതാണ് വികസന ഫണ്ട്. ഇവ മൂന്നും 2011ലെ ജനസംഖ്യാനുപാതത്തിന്റെ അടിസ്ഥാനത്തിൽ വീതിയ്ക്കുന്നതാണ്.

- വികസന ഫണ്ടിന്റെ (പൊതു വിഭാഗം) വിതരണത്തിന് ജനസംഖ്യയ്ക്ക് 60 ശതമാനം വെയിറ്റേജും ബി.പി.എൽ കുടുംബങ്ങൾക്ക് 20 ശതമാനവും, വിസ്തീർണ്ണത്തിന് 20 ശതമാനം വെയിറ്റേജുമാണ് നൽകിയിട്ടുള്ളത്. എസ്.സി.പി, റ്റി.എസ്.പി ഫണ്ടുകൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ജനസംഖ്യാടിസ്ഥാനത്തിൽ വിതരണം ചെയ്യാൻ ശുപാർശ ചെയ്യുന്നു.

**പട്ടിക ഒന്ന്**

**തനത് നികുതി വരുമാനത്തിന്റെ വിഹിതം (ശതമാനം): അഞ്ചാം കമ്മീഷൻ**

| വർഷം | ജനറൽ പർപ്പസ് | മെയിന്റനൻസ് | വികസനം | മൊത്തം |
|---|---|---|---|---|
| 2016-17 | 3.5 | 5.5 | 11.0 | 20 |
| 2017-18 | 3.5 | 6.0 | 11.5 | 21 |
| 2018-19 | 3.5 | 6.0 | 12.5 | 22 |
| 2019-20 | 3.5 | 6.0 | 13.5 | 23 |
| 2020-21 | 3.5 | 6.0 | 14.5 | 24 |

**പട്ടിക രണ്ട്**

**ശുപാർശ ചെയ്ത തുക (രൂപ കോടി): അഞ്ചാം കമ്മീഷൻ**

| വർഷം | ജനറൽ പർപ്പസ് | മെയിന്റനൻസ് | വികസനം | മൊത്തം |
|---|---|---|---|---|
| 2016-17 | 1505 | 2365 | 4729 | 8599 |
| 2017-18 | 1684 | 2887 | 5534 | 10105 |
| 2018-19 | 1885 | 3232 | 6733 | 11850 |
| 2019-20 | 2110 | 3618 | 8140 | 13868 |
| 2020-21 | 2363 | 4050 | 9788 | 16201 |

**പട്ടിക മൂന്ന്**

**മൊത്തം തുക (അഞ്ചാം കമ്മീഷൻ + യു എഫ് സി ഗ്രാന്റ്) (രൂപ കോടി)**

| പ്രാദേശിക സർക്കാർ | **2016-17** | **2017-18** | **2018-19** | **2019-20** | **2020-21** |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 5563 | 6524 | 7590 | 8976 | 9164 |
| മുനിസിപ്പാലിറ്റി | 1446 | 1698 | 1977 | 2382 | 2108 |
| ജില്ലാപഞ്ചായത്ത് | 1016 | 1198 | 1428 | 1698 | 2009 |
| മുനിസിപ്പൽ കോർപ്പറേഷൻ | 799 | 934 | 1091 | 1316 | 1175 |
| ബ്ലോക്ക് പഞ്ചായത്ത് | 863 | 1009 | 1217 | 1461 | 1745 |
| ആകെ തുക | 9687 | 11363 | 13304 | 15833 | 16201 |

## II. നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള ശുപാർശകൾ

- കഴിഞ്ഞ രണ്ട് ദശാബ്ദമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിയ്ക്കുന്ന നികുതി നിരക്കിൽ കാര്യമായ മാറ്റം വന്നിട്ടില്ല (വസ്തു നികുതി, പ്രൊഫഷൻ നികുതി, പരസ്യ നികുതി, വിനോദ നികുതി, സർവീസ് നികുതി തുടങ്ങിയവ). നികുതി, നികുതിയേതര നിരക്കുകൾ കാലാനുസരണം വർദ്ധിപ്പിയ്ക്കാൻ കമ്മീഷൻ ശുപാർശ ചെയ്യുന്നു.

- പഞ്ചായത്ത്, മുനിസിപ്പൽ ആക്ടുകളനുസരിച്ച് ഓരോ അഞ്ചു വർഷവും വസ്തു നികുതി നിരക്ക് വർദ്ധിപ്പിക്കേണ്ടതാണ്. ഈ നിയമമനുസരിച്ച് നിരക്കു വർദ്ധിപ്പിക്കാതിരുന്നാൽ ഉണ്ടാകുന്ന ധനനഷ്ടം നികത്താൻ സർക്കാർ പ്രാദേശിക സർക്കാരുകൾക്ക് നഷ്ടപരിഹാരം നൽകണം.

- പ്രൊഫഷൻ നികുതിയുടെ പരിധി 1988ൽ നിശ്ചയിച്ച 2500 രൂപയിൽ നിന്ന് 12,000 രൂപയായി വർദ്ധിപ്പിക്കാനുള്ള പതിനാലാം കേന്ദ്രധനകാര്യകമ്മീഷന്റെ ശുപാർശ നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം.

- പ്രൊഫഷൻ ടാക്സ് നൽകേണ്ടവരിൽ ഒരു ചെറിയ വിഭാഗം പേര് മാത്രമേ ഇപ്പോൾ നികുതി നൽകുന്നുള്ളൂ. എല്ലാ വിഭാഗം തൊഴിൽ ചെയ്യുന്നവരെയും നികുതിയുടെ പരിധിയിൽ കൊണ്ടു വരാൻ പഞ്ചായത്ത്, മുനിസിപ്പൽ ചട്ടങ്ങളിൽ മാറ്റം വരുത്തണം.

- ഡി&ഒ ലൈസൻസിന്റെ പരിധിയിൽ എല്ലാ കച്ചവട, ബിസിനസ് സ്ഥാപനങ്ങളെയും കൊണ്ട് വരണം.

- കേരള മുനിസിപ്പാലിറ്റി (Issues of Licence to Dangerous and Offensive Trades, other Trades and Factories) Rules 2011 ഉടൻ നടപ്പിൽ വരുത്തണം.

- ധനകാര്യ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഓരോ അഞ്ചു വർഷവും നികുതിയും നികുതിയേതര വരുമാനങ്ങളും നിയമപരമായി വർധിപ്പിക്കണം.

- ഇപ്പോൾ റവന്യൂ വകുപ്പിന്റെ അധികാര പരിധിയിൽ വരുന്നതും അവർ പിരിയ്ക്കുന്ന ബിൽഡിംഗ് ടാക്സ് പ്രാദേശിക സർക്കാരുകളിലേക്ക് മാറ്റണം (ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ).

- നികുതി പിരിവ് കാര്യക്ഷമമാക്കാൻ പ്രോത്സാഹനം (Incentive bonus) നൽകാൻ ശുപാർശയുണ്ട്. ഒരു സാമ്പത്തിക വർഷം റവന്യൂ ഡിമാന്റിന്റെ 97% പിരിയ്ക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപയും 95% പിരിയ്ക്കുന്ന മുനിസിപ്പാലിറ്റികൾക്ക് 10 ലക്ഷം രൂപയും, 95% പിരിയ്ക്കുന്ന കോർപ്പറേഷനുകൾക്ക് 12.50 ലക്ഷം രൂപയും ബോണസ് നൽകാൻ ശുപാർശ ചെയ്യുന്നു.

- പരസ്യ നികുതി, ബൈലായുടെ അടിസ്ഥാനത്തിൽ ചുമത്തുന്ന സമ്പ്രദായം മാറ്റണം. ഇതിന് പുതിയ ചട്ടങ്ങൾ രൂപീകരിക്കണം.

- സർവീസ് നികുതി എല്ലാ ഗ്രാമപഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും ചുമത്താൻ ആവശ്യമായ ഭേദഗതി പഞ്ചായത്ത് രാജ്, മുനിസിപ്പൽ നിയമങ്ങളിലും, ചട്ടങ്ങളിലും വരുത്തണം.

- വളരെ മോശമായ ധനസ്ഥിതിയുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ഗ്യാപ്പ് ഫണ്ട് നൽകാൻ 50 കോടി രൂപ മാറ്റിവയ്ക്കുന്നു.. കേരളസ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഡയറക്ടർ സർട്ടിഫൈ ചെയ്ത മുൻവർഷത്തെ ഗ്യാപ്പിനു ആനുപാതികമായി ആണ് ഗ്രാമപഞ്ചായത്തുകൾക്ക് ഗ്യാപ് ഫണ്ട് വിതരണം ചെയ്യേണ്ടത്. ഡയറക്ടർ സർട്ടിഫൈ ചെയ്ത ഗ്യാപ് ഫണ്ട് മുൻവർഷത്തെക്കാൾ കുറവാണെങ്കിൽ ബാക്കി വരുന്ന തുക എല്ലാ ഗ്രാമപഞ്ചായത്തുകളിലേക്കും ജി.പി.എഫ് മാനദണ്ഡം അനുസരിച്ച് വിതരണം ചെയ്യണം.

- പുതുതായി രൂപീകരിച്ച 28 മുനിസിപ്പാലിറ്റികൾക്ക് 10 ലക്ഷം രൂപയുടെ ഒറ്റത്തവണ ഗ്രാന്റ്. പുതിയ കണ്ണൂർ കോർപ്പറേഷന് ഒറ്റത്തവണ 20 ലക്ഷം രൂപയുടെ ഗ്രാന്റ് എന്നിവ നൽകണം.

- കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങൾക്കും വസ്തുനികുതി ബാധകമാക്കാൻ നടപടികൾ സ്വീകരിക്കണം. ഇതിനാവശ്യമായ കേന്ദ്ര നിയമങ്ങളിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം.

- സ്വകാര്യ അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, ബി.എസ്.എൻ.എൽ വക കെട്ടിടങ്ങൾക്കും വസ്തു നികുതി ചുമത്തണം.

- ഹൌസ് ബോട്ടുകൾ, ടൂറിസം കേന്ദ്രങ്ങളിലെ പ്രവേശനം എന്നിവയ്ക്ക് വിനോദ നികുതി ചുമത്തണം. സംസ്ഥാന സർക്കാർ വിനോദനികുതി ഒഴിവാക്കുന്ന രീതി പൂർണമായും മാറ്റണം.

- വസ്തു നികുതി നിരക്കിന്റെ മിനിമവും, മാക്സിമവും നിരക്കിൽ കുറവ് വരുത്തണം. മിനിമം നിരക്ക് മാക്സിമം നിരക്കിന്റെ 75 ശതമാനത്തിൽ കുറയാൻ പാടില്ലയെന്നും കമ്മിഷൻ ശുപാർശ ചെയ്യുന്നു.

- സിനിമ തിയേറ്ററിലും, മൾടിപ്ലക്സിലും ടിക്കറ്റിംഗ് സംവിധാനം കംബ്യൂട്ടർവല്ക്കരിക്കണം. കേബിൾ ടി.വി, ഡിഷ് ടി. വി. വരിക്കാരെ വിനോദ നികുതിയുടെ പരിധിയിൽ കൊണ്ട് വരണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു.

- ഗ്രാമപഞ്ചായത്തിലെ റവന്യൂ മോബിലൈസേഷന്റെ മേൽനോട്ടം അസിസ്റ്റന്റ് സെക്രട്ടറിക്ക് നൽകണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു.

- ധനകാര്യ കമ്മിഷന്റെ ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ മേൽനോട്ടം ധനകാര്യ വകുപ്പിലെ ധനകാര്യ കമ്മിഷൻ സെല്ലിനു നൽകണം. നികുതി വരുമാന വർദ്ധന നടപ്പിലാക്കാനുള്ള ചുമതലയും ഈ സെല്ലിന് നൽകണം.

- റവന്യൂ മൊബിലൈസേഷൻ പ്രവർത്തനങ്ങളിൽ ഇ-ഗവേണൻസ് നിർബന്ധമാക്കണം.

## III. ഓണറേറിയം വർദ്ധന

പ്രാദേശിക സർക്കാരുകളിൽ മുഴുവൻ സമയ ചുമതലകൾ വഹിക്കുന്ന പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മുനിസിപ്പൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മേയർ, ഡപ്യൂട്ടി മേയർ എന്നിവർക്ക് നിലവിലെ പ്രതിമാസ ഓണറേറിയം 200 ശതമാനം വർദ്ധിപ്പിക്കാൻ കമ്മിഷൻ ശുപാർശ ചെയ്യുന്നു. മറ്റു തെരഞ്ഞെടുത്ത ജനപ്രതിനിധികളുടെ ഓണറേറിയം 100 ശതമാനം വർദ്ധിപ്പിയ്ക്കാൻ ശുപാർശ ചെയ്യുന്നു.

**പട്ടിക നാല്**

**ഓണറേറിയം വർദ്ധന**

| പ്രാദേശിക സർക്കാരുകളുടെ പേര് | നിലവിലെ ഓണറേറിയം (01/04/2013 മുതൽ) | നിർദ്ദിഷ്ട നിരക്ക് ((01/04/2016 മുതൽ) |
|---|---|---|
| **ജില്ല പഞ്ചായത്ത്** | | |
| പ്രസിഡന്റ് | 7900 | 23700 (200%) |
| വൈസ് പ്രസിഡന്റ് | 6600 | 19800 (200%) |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 4700 | 9400 (100%) |
| മെമ്പർ | 4400 | 8800 (100%) |
| **ബ്ലോക്ക് പഞ്ചായത്ത്** | | |
| പ്രസിഡന്റ് | 7300 | 21900 (200%) |
| വൈസ് പ്രസിഡന്റ് | 6000 | 18000 (200%) |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 4400 | 8800 (100%) |
| മെമ്പർ | 3800 | 7600 (100%) |
| **ഗ്രാമ പഞ്ചായത്ത്** | | |
| പ്രസിഡന്റ് | 6600 | 19800 (200%) |
| വൈസ് പ്രസിഡന്റ് | 5300 | 15900 (200%) |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 4100 | 8200 (100%) |
| മെമ്പർ | 3500 | 7000 (100%) |
| **കോർപ്പറേഷൻ** | | |
| മേയർ | 7900 | 23700 (200%) |
| ഡപ്യൂട്ടി മേയർ | 6600 | 19800 (200%) |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 4700 | 9400 (100%) |
| മെമ്പർ | 4100 | 8200 (100%) |
| **മുനിസിപ്പാലിറ്റി** | | |
| ചെയർമാൻ | 7300 | 21900 (200%) |
| ഡപ്യൂട്ടി ചെയർമാൻ | 6000 | 18000 (200%) |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | 4400 | 8800 (100%) |
| മെമ്പർ | 3800 | 7600 (100%) |

## IV. വാർഷിക പദ്ധതി മെച്ചമാക്കാൻ ശുപാർശകൾ

- 2014-15 ലെ വാർഷിക പദ്ധതി നടത്തിപ്പ് വളരെ പരിതാപകരമായിരുന്നു. മൊത്തം വാർഷിക പദ്ധതി ചെലവ് 44 ശതമാനമാണ്.
- വാർഷിക പദ്ധതി മോശമാകാനുള്ള പ്രധാന കാരണം പ്രൊജക്റ്റുകളുടെ ബാഹുല്യമാണ്. 2014-15ൽ ശരാശരി നടപ്പിലാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം താഴെ പറയുന്നു. ഗ്രാമ പഞ്ചായത്ത് 116, ബ്ലോക്ക് പഞ്ചായത്ത് 49, ജില്ലാ പഞ്ചായത്ത് 733, മുനിസിപ്പൽ കോർപ്പറേഷൻ 1051, മുനിസിപ്പാലിറ്റി 208.

പ്രൊജക്റ്റുകളുടെ എണ്ണം നിലവിലുള്ളതിൽ നിന്ന് മൂന്നിൽ രണ്ടായി കുറയ്ക്കാൻ കമ്മീഷൻ ശുപാർശ ചെയ്യുന്നു.

- ബനിഫിഷിയറി കമ്മിറ്റി വഴി നടപ്പിലാക്കുന്ന പ്രൊജക്റ്റുകളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം ശുപാർശ ചെയ്യുന്നു.

- സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ പദ്ധതി ചെലവ് ചെയ്യുന്ന രീതി മാറ്റണം. എഞ്ചിനിയറിംഗ് സ്വഭാവത്തിലുള്ള പ്രൊജക്റ്റുകൾ ഒഴികെ മറ്റു പ്രൊജക്റ്റുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതിയിൽ നടപ്പിലാക്കണം.

- പദ്ധതി രൂപീകരണ പ്രക്രിയയും പദ്ധതി നടത്തിപ്പും പീക്ക് (peak) സമയമായ ജനുവരി മുതൽ മാർച്ച് വരെയാണ്. ഇതിൽ മാറ്റം വരണം.

- നിലവിലെ പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ പ്രൊജക്റ്റുകളുടെ രൂപീകരണത്തിന് വേണ്ടത്ര സമയം നൽകിയിട്ടില്ല. ഇതിന് രണ്ട് മാസമെങ്കിലും നൽകണം. പ്രൊജക്റ്റ് രൂപീകരണത്തിന് റിട്ടയർ ചെയ്തവർ, കൺസൾട്ടൻസി സ്ഥാപനങ്ങൾ, എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങിയവരുടെ സേവനം ഉപയോഗിയ്ക്കണം.

- മൂന്ന് വിഭാഗം പ്രാദേശിക സർക്കാരുകൾക്ക് അവരുടെ പ്രത്യേകത കണക്കിലെടുത്ത് മൂന്ന് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ ശുപാർശ ചെയ്യുന്നു. (1) ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ (2) ജില്ലാ പഞ്ചായത്ത് (3) മുനിസിപ്പാലിറ്റി/കോർപ്പറേഷൻ.

- പ്രാദേശിക സർക്കാരുകളും സർക്കാർ വകുപ്പുകളും നടപ്പിലാക്കുന്ന ഭവന പദ്ധതികൾ, ഭൂമി വാങ്ങൽ പദ്ധതികൾ തുടങ്ങിയവയ്ക്ക് നൽകുന്ന മൊത്തം തുകയിലും സബ്സിഡി നിരക്കിലും വ്യത്യാസമുണ്ട്; ഇത് എകീകരിയ്ക്കണം.

- വാർഷിക പദ്ധതി രൂപീകരണത്തിനുള്ള വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയിൽ മൂന്നും, ജില്ലാ പഞ്ചായത്തുകളിലും, മുനിസിപ്പൽ കോർപ്പറേഷനിലും അഞ്ചായി കുറയ്ക്കണം.

- ഗ്രാമവാർഡ് സഭകളെ ശക്തിപ്പെടുത്തുക, പ്രാദേശിക വികസന പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ ചർച്ച ചെയ്യാൻ കഴിവുള്ളവരെ പങ്കെടുപ്പിയ്ക്കാൻ നടപടികൾ സ്വീകരിക്കുക.

- ഒഴിവുള്ള എഞ്ചിനിയർ, ഓവർസീയർ തസ്തികകൾ സമയബന്ധിതമായി നിയമനം നടത്തുക. ഒരു എഞ്ചിനിയർ ഒരു പ്രാദേശിക സർക്കാരിൽ മൂന്ന് വർഷം സേവനം ചെയ്യണം.

- എല്ലാ ഗ്രാമപഞ്ചായത്തുകളിലും എഞ്ചിനിയറിംഗ് വിഭാഗത്തിന് വർക്ക്സ്റ്റഡിയുടെ അടിസ്ഥാനത്തിൽ ഒരു ക്ലെറിക്കൽ തസ്തിക സൃഷ്ടിക്കണം.

- തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ ട്രഷറി നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാക്കുക.

## V. മറ്റിനങ്ങൾ

- പ്രാദേശിക സർക്കാരിന്റെ കീഴിലുള്ള ആസ്തികൾ തിട്ടപ്പെടുത്താനും, അപ്ഡേറ്റ് ചെയ്യാനും വേണ്ടി സചിത്ര സോഫ്റ്റ്‌വെയർ കൂടുതൽ ഉപയോക്ത ഹിതകരമാക്കുകയും, പ്രോജക്റ്റ് പൂർത്തീകരിക്കുമ്പോൾ ആസ്തികളെ പറ്റിയുള്ള വിവരങ്ങൾ സ്വയം അപ്ഡേറ്റ് ആവാൻ വേണ്ടി സചിത്ര സോഫ്റ്റ്‌വെയർ സംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കുകയും ചെയ്യുക.

- ഒന്നിലധികം വാർഡിലൂടെ കടന്നുപോകുന്ന റോഡുകളെ ആസ്തിയുടെ ഇനത്തിൽ കൂട്ടുമ്പോൾ ഒരു റോഡായി കണക്കാക്കുക.

- ഒരു ആസ്തി കണ്ടെത്തുമ്പോൾ അതിന്റെ പേര്, ആ വാർഡിന്റെയും, ഗ്രാമത്തിന്റെയും പേര്, ബ്ലോക്ക് നമ്പർ, സർവേ നമ്പർ എന്നിവ രേഖപ്പെടുത്തുക. ആസ്തികളുടെ ഡ്യൂപ്ലിക്കേഷൻ പൂർണമായും ഒഴിവാക്കുക.

- അസറ്റ് രജിസ്ട്രർ എത്രയും പെട്ടെന്ന് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുക എൽ.എസ്.ജി.ഡി. നടപടികൾ സ്വീകരിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

- ഹെഡ് ക്ലാർക്കിന്റെ റാങ്കുള്ള ഒരു അക്കൌണ്ടന്റിനെ എല്ലാ മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനിലും, ജില്ലാപഞ്ചായത്തുകളിലും നിയമിക്കാൻ കമ്മിഷൻ ശുപാർശ ചെയ്യുന്നു.

- പ്രാദേശിക സർക്കാരുകൾക്ക് വേണ്ടി എൽ.എസ്.ജി.ഡി ബജറ്റ് മാനുവൽ തയ്യാറാക്കാൻ ശുപാർശ ചെയ്യുന്നു.

- പ്രാദേശിക സർക്കാരിന് സ്ഥലം വാങ്ങാനുള്ള അനുമതി നൽകാനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനും, ജില്ല കലക്ടർ കൺവീനറുമായി ഒരു ജില്ല തല മോണിറ്ററി കമ്മിറ്റിയെ രൂപീകരിക്കാൻ ശുപാർശ ചെയ്യുന്നു.

- കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ പഴയ കെട്ടിടങ്ങൾ പൊളിച്ച് പുതിയ കെട്ടിടം പണിയാനുള്ള അധികാരം പ്രാദേശിക സർക്കാരിന് നൽകണം. ഇതിനു എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗിന്റെ ശുപാർശയും, കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനത്തിലെ വകുപ്പ് മേധാവിയുടെ അനുമതിയും വേണം.

- പ്രാദേശിക സർക്കാരിൽ നിയമിക്കപ്പെടുന്ന ജീവനക്കാരെ മൂന്ന് വർഷം എങ്കിലും ഒരു സ്ഥാപനത്തിൽ തുടരാൻ അനുവദിക്കണം.

- പഞ്ചായത്ത്, ഗ്രാമ വികസനം, നഗരകാര്യം എന്നീ വകുപ്പുകളെ സംയോജിപ്പിച്ച് ഒരു പ്രാദേശിക സർക്കാർ മന്ത്രാലയം രൂപീകരിക്കണം.

- പ്രാദേശിക സർക്കാരുകൾക്ക് അഡ്വക്കേറ്റ് ഫീ ഇനത്തിൽ ചെലവാക്കാവുന്ന തുക വർദ്ധിപ്പിക്കുക. ജില്ല തല കോടതികളിൽ 5000 രൂപയിൽ നിന്ന് 10000 രൂപയായും, ഹൈക്കോടതിയിൽ 10000 ൽ നിന്ന് 20000 രൂപയായും, സുപ്രീംകോടതിയിൽ 50000 രൂപയായും വർദ്ധിപ്പിക്കണം.

- അപകടകരമായി നിൽക്കുന്ന വൃക്ഷങ്ങളെ, സോഷ്യൽ ഫോറസ്ട്രി വകുപ്പിന്റെ അനുവാദം കൂടാതെ മുറിക്കാനുള്ള അധികാരം പ്രാദേശിക സർക്കാരിന് നൽകുക.
- പ്രാദേശിക സർക്കാരുകൾക്ക് വർഷത്തിൽ രണ്ട് പ്രാവശ്യം മാത്രം ബജറ്റ് ഭേദഗതി ചെയ്യാൻ അനുവാദം നൽകുക.